**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203** **21-06-2024 - ൽ മറുപടിയ്ക്ക്**

**ശ്രീ അയ്യപ്പ മെഡിക്കൽ കോളജിന്റെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര വില്ലേജിൽ ശ്രീ അയ്യപ്പ മെഡിക്കൽ കോളജ് ആന്റ് റിസർച്ച് ഫൗണ്ടേഷൻ എന്ന പേരിൽ ഒരു മെഡിക്കൽ കോളജ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കരയിൽ പുതുതായി ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് NOC യും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ലഭിക്കുന്നതിനായി ശ്രീ അയ്യപ്പ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഫൗണ്ടേഷൻ ചെയർമാൻ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തിയ പരിശോധനയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ടി സ്ഥാപനത്തിൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (ബി) | സംസ്ഥാന സർക്കാരിന്റേയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയോ അനുമതി പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ; | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട്. |
| (സി) | മെഡിക്കൽ കോളജിന് അനുമതി നല്കുന്നതാരാണെന്ന് അറിയിക്കാമോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അനുമതി ഇല്ലാതെ മെഡിക്കൽ കോളേജ് എന്ന ബോർഡ് വെച്ച് ആശുപത്രി പ്രവർത്തിക്കുന്നത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; | (സി) | പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സർക്കാരാണ് നൽകുന്നത്. സർക്കാരിന്റേയും, NMC യുടെയും KUHS ന്റേയും അനുമതിയില്ലാതെ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാനോ പ്രവർത്തിക്കുവാനോ കഴിയുന്നതല്ല. |
| (ഡി) | അനധികൃതമായി മെഡിക്കൽ കോളേജ് എന്ന് പേര് വെച്ച് പൊതുജനങ്ങളെ കബളിപ്പിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | മറുപടി (സി) പിരിവിൽ നൽകിയിട്ടുണ്ട് . |
| (ഇ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ, സ്വകാര്യ മെഡിക്കൽ കോളജുകളുടെ പേരു വിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ